**Keraleeyam**

Rs. 25/- 2016 February/March Vol. 17 Issue 2/3

## കണ്ടത് പറഞ്ഞാൽ...

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി

# ഒന്ന്: ഇന്ത്യയിലെ ഫാസിസം

ജർമ്മൻ ഫാസിസത്തിന്റെ അടിക്കണക്കളന്ന് 14 അടിയിൽ ഉറപ്പിച്ച്, അതെടുത്ത് ഇന്ത്യൻ ഫാസിസത്തിന്റെ കട്ടിലിൽ കിടത്തി നീളം ഒപ്പിച്ച് കൊണ്ടുവന്നതാണ് വർഗീയ ഫാസിസം എന്ന കണ്ടെത്തൽ. ബ്രാഹ്മണ മതത്തിൽ നിന്നുള്ള ആധുനിക ഹിന്ദു മതത്തെ, അതിന്റെ സവർണ്ണ മേധാവിത്വ തന്ത്രങ്ങളെ തിരിച്ചറിയാതെ ഇന്ത്യൻ കമ്മ്യൂണിസ്റ്റുകൾ ദിശാഭ്രമത്തിലാണ്. ഒന്നുകിൽ സവർണ്ണഫാസിസത്തെ തൊടാതിരിക്കാൻ പരിചയായി സവർണ്ണ കമ്മ്യൂണിസ്റ്റുകൾ കളിക്കുന്ന കളി, അല്ലെങ്കിൽ സവർണ്ണഫാസിസത്തിന്റെ കെണിയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റുകൾ വീണുപോയി. വർഗീയ ഫാസിസം എന്നത് ഈ ഗൂഡാലോചനയുടെ ബ്രാൻഡ് നെയിം ആണ്. ഇപ്പോൾ ചിലർ മതഫാസിസം എന്ന് സംബോധന ചെയ്യുന്നുണ്ട്. ഒപ്പം വർണ്ണസമരത്തെ ഉയർത്തിപ്പിടിക്കുന്ന, ബ്രാഹ്മണ ഫാസിസം തുലയട്ടെ എന്ന പറയുന്ന രോഹിത് വെമുലക്കും, കനയ്യകുമാറിനും അഭിവാദ്യങ്ങളും! ഇനി എത്ര കാലം ഈ നാടകം കൊണ്ട് യുവശക്തിയെ തടഞ്ഞുനിർത്താനാകും?

### രണ്ട്: ബഹുഫാസിസം

ഫാസിസം, വർഗ്ഗീയ ഫാസിസം, സവർണ്ണ ഫാസിസം, ബ്രാഹമണ ഫാസിസം, മതഫാസിസം, ജർമ്മൻ ഫാസിസം, ഇന്ത്യൻഫാസിസം, സോഷ്യൽ ഫാസിസം ഇത്യാദി ഒട്ടേറെ ജനുസ്സുകൾ ഫാസിസത്തിലുണ്ട്. ഭാരതത്തിൽ ഇതിലേതാണോ ഉണ്ടായിരുന്നത്, ഏതാണോ ഉള്ളത്, നാളെ ഉണ്ടാവാനിടയുള്ളത്? "ഫാസിസം ഏതുമാവട്ടെ, പ്രതിരോധിക്കണം" എന്ന വാദഗതിയുണ്ട്. ഫാസിസത്തിന്റെ പൊതു ആവിഷ്കാരങ്ങളിൽ ഇന്ത്യൻ ചരിത്രവുമായി ബന്ധിപ്പിച്ച് മനസ്സിലാക്കാൻ ശ്രമിക്കുന്ന ഒരാൾക്ക് 'ഏതുമാകട്ടെ' എന്നത് സ്വീകരിക്കാനാവില്ല. വെറും വാക്കിലോ ഭാഷയിലോ മാത്രമല്ല ഇത് നിലനിൽക്കുന്നത്, സാമൂഹ്യജീവിതത്തിലാണ്. ഒരു സുപ്രഭാതത്തിലല്ല ഇതിന്റെ ജനനം. ശൈശവാവസ്ഥയിൽ നിന്ന് സമഗ്രാധിപത്യത്തിലേക്കുള്ള യാത്രയിൽ ഞെരിഞ്ഞമരുന്ന ജീവിതങ്ങൾ, ആശയങ്ങൾ ഏതെന്ന് സുതാര്യമായി അറിയേണ്ടതുണ്ട്. ചെറുത്തുനിൽപ്പിനോ പ്രതിരോധത്തിനോ ഈ വ്യക്തത ആവശ്യമാണ്. ആദ്യകാലത്ത് പ്രതിരോധിച്ച ചിന്തകൾ, വ്യകതികൾ, സംഘങ്ങൾ, ആദർശങ്ങൾ, മതങ്ങൾ ഇവയെകൂടി മനസ്സിലാക്കാനായാൽ പ്രതിരോധം പിഴവില്ലാത്തതാക്കാം. എന്തായാലും പുറം നാടുകളിലെ ഫാസിസമല്ല ഇവിടെ. അതിനാൽ തന്നെ നമ്മുടെതായ പരിഹാരക്രിയകൾക്ക് രൂപം നൽകേണ്ടി വരും. അതിന് വിവിധ തരം ഫാസിസങ്ങളെ വിശകലനം ചെയ്യേണ്ടതുണ്ട്. 'ഫാസിസം തുലയട്ടെ' എന്ന വൈകാരിക മുദ്രാവാക്യം മാത്രം മതിയാകില്ല, സംസ്കാരത്തിലെ ഖനികളിൽ നിന്നുള്ള ഔഷധികൾ കൂടി ആവശ്യമായി വരും. സൃഷ്ടിപരമായ പ്രധിരോധത്തിന് ഫാസിസത്തെ ശരിയായി മനസ്സിലാക്കുന്നത് പ്രധാനമാണ്.

### മൂന്ന്: ശക്തനും വെളിച്ചപ്പാടും

ഈ കാലഘട്ടത്തിൽ തൃശ്ശൂരിലെ നഗരവാസി അനുഭവിക്കേണ്ടി വരുന്ന ദുരിതങ്ങളിൽ എന്തെങ്കിലും പരിഹാരം ഈ നഗരപിതാവിന് നിർദ്ദേശിക്കാനാവില്ല. അധികാരത്തിന്റെ ഗർവ്വിൽ താൻ തലയറുത്ത വെളിച്ചപ്പാടാണ് ഇക്കാലത്ത് ശക്തനേക്കാൾ പ്രസക്തനാവുക. ദേവിയുടെ ജഢയായ വൃക്ഷങ്ങളെ വെട്ടുമ്പോൾ, ചെറുവനത്തെ നശിപ്പിക്കുമ്പോൾ അരുത് എന്ന് ശക്തന്റെ മുഖത്ത് നോക്കിയുള്ള വെളിപ്പെടുത്തലാണ് പ്രകൃതിയേയും കാടിനേയും വൃക്ഷങ്ങളേയും സംരക്ഷിക്കേണ്ട ഇക്കാലത്ത് പ്രസക്തം. ശക്തനോ, വെളിവുള്ള വെളിച്ചപ്പാടോ ആരാണ് പുതിയ തലമുറയുടെ ചിന്താശീലരുടെ ആദരവ് ശരിക്കും അർഹിക്കുന്നത്? ദുർവ്യാഖ്യാനങ്ങൾ കൊണ്ടൊന്നും മറപിടിക്കാനാവില്ല. പക്ഷേ ക്ഷാത്രവീര്യം ഇന്ന് വനം കയ്യേറ്റവും നിർദ്ദയമായ മരം മുറിയും കുന്നിടിക്കലും കാടുകത്തിക്കലും ഒക്കെയായി നമുക്കു മുന്നിൽ നിറഞ്ഞിടുന്നു. മരസ്നേഹികളും പരിസ്ഥിതിക്കാരും അരുതേ എന്ന് പറയുമ്പോഴും അഴിമതിക്കാരായ, ഭാവനാശൂന്യരായ മുഷ്കുള്ള ഇന്നത്തെ ശക്തൻമാർ ജഢകൾ വെട്ടിവെളിപ്പിക്കുന്നു. ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം, ശുദ്ധവായുവിന്റെ കുറവ്, ജലദൗർലഭ്യം, കൃഷിനാശം, മഞ്ഞുരുകൽ, മഴക്കുറവ്, ഭക്ഷ്യക്ഷാമം, പകർച്ചവ്യാധികൾ, അത്യുഷ്ണം, അതിവൃഷ്ടി ഇവയുടെ പിടിയിൽ മനുഷ്യരാശി അകപ്പെട്ടുവരികയാണ്. ജീവന്റെ നിലനിൽപ് ആഗ്രഹിക്കുന്നവർ ജഢ സംരക്ഷിക്കണം എന്നുതന്നെയാണ് അന്നും ഇന്നും പറഞ്ഞുകൊണ്ടിരിക്കുന്നത്. വികസനവും പുരോഗതിയും തമ്മിലുള്ള വിയോജിപ്പാണ് ഇന്നുമുള്ളത്. അന്ന് ശക്തൻ തമ്പുരാന്റെ പക്ഷത്ത് നിന്നവർ ഇന്നത്തെ വികസനവാദികളാണ്. അന്ന് തലയറുക്കപ്പെട്ട വെളിച്ചപ്പാടൻ ഇന്ന് പ്രകൃതി സംരക്ഷിക്കപ്പെടണമെന്ന പുരോഗതി ആവശ്യപ്പെടുന്നവരുമാണ്. അധികാരത്തിന്റെയും ആയുധത്തിന്റെയും പിന്തുണയാൽ പ്രകൃതിയെ നശിപ്പിക്കുന്നവർ ഓർക്കുക, നിങ്ങൾ നിങ്ങളെത്തന്നെയാണ് നശിപ്പിക്കുന്നത്.

മനുഷ്യരുടെ ഒടുങ്ങാത്ത ആർത്തികൾക്ക് നഗരങ്ങൾ വേണം, മഹാനഗരങ്ങൾ. 'നഗര വികസനം' അതാണ് അലർച്ച. എന്നാൽ ഇവർ പടുത്തുയർത്തുന്ന നഗരം വെറും കോൺക്രീറ്റാണ്, ഇരുമ്പും. ന്യൂയോർക്കിന്റെ മാതൃക ന്യൂഡൽഹിയും അതിന്റെ മാതൃക കൊച്ചിയും അതിന്റെ അനുകരണം തൃശൂരും വിവേചനമില്ലാതെ സ്വീകരിക്കാൻ ആർത്തികാട്ടുന്ന കാലമാണിത്. പ്രതിമകൾ നഗരങ്ങളിൽ നിറയട്ടെ. പക്ഷികൾക്ക് വിശ്രമിക്കാനെങ്കിലും അതുപകരിക്കും. കമ്മറ്റിക്കാർക്ക് ചക്കരക്കുടവും. "മരങ്ങളെല്ലാം വെട്ടിനശിപ്പിക്കുന്നു. പച്ച നിറഞ്ഞ പ്രകൃതിയെ വികൃതമാക്കി ശൂന്യതയിലാഴ്ത്തുന്നു. അതിനുപകരം മാലിന്യം നിറഞ്ഞ പട്ടണങ്ങൾ മെനഞ്ഞുകൂട്ടുന്നു." - നാരായണഗുരു.

ഇവിടെ വെളിച്ചപ്പാടും ഗുരുവും ഒന്നിക്കുന്നു. ശക്തനും പരിവാരങ്ങളും വാളെടുക്കുന്നു.

"വെളിച്ചം ദുഖമാണുണ്ണീ
തമസ്സല്ലോ സുഖപ്രദം"
എന്ന കവിവാക്യം ഓർത്തുപോകുന്നു". ■

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 680021. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com